സൂറഃ-9

# അത്തൗബ

27. പിന്നെ, ഇപ്രകാരം ശിക്ഷിച്ച ശേഷം അല്ലാഹു അവനിഛിക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാമയനുമല്ലോ.

28. അല്ലയോ സത്യവിശ്വാസികളേ, വിഗ്രഹാരാധകർ അശുദ്ധർ തന്നെയാകുന്നു. അതിനാൽ ഈ ആണ്ടിനുശേഷം അവർ മസ്ജിദുൽ ഹറാമിനോടടുക്കരുത്. നിങ്ങൾ സാമ്പത്തിക മാന്ദ്യം ഭയപ്പെടുന്നുവെങ്കിൽ, അല്ലാഹു ഉദ്ദേശിച്ചാൽ അടുത്ത ഭാവിയിൽ തന്നെ അവന്റെ അനുഗ്രഹത്താൽ നിങ്ങളെ സമ്പന്നരാക്കുന്നുണ്ട്. അല്ലാഹു സർവജ്ഞനും യുക്തിമാനുമല്ലോ.

ثُمَّ يَتُوبُ ٱللَّهُ مِنۢ بَعۡدِ ذَٰلِكَ عَلَىٰ مَن يَشَآءُۗ وَٱللَّهُ غَفُورٞ رَّحِيمٞ ﴿٢٧﴾

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّمَا ٱلۡمُشۡرِكُونَ نَجَسٞ فَلَا يَقۡرَبُواْ ٱلۡمَسۡجِدَ ٱلۡحَرَامَ
بَعۡدَ عَامِهِمۡ هَٰذَاۚ وَإِنۡ خِفۡتُمۡ عَيۡلَةٗ فَسَوۡفَ يُغۡنِيكُمُ ٱللَّهُ مِن فَضۡلِهِۦٓ إِن
شَآءَۚ إِنَّ ٱللَّهَ عَلِيمٌ حَكِيمٞ ﴿٢٨﴾

ثُمَّ = പിന്നെ  يَتُوبُ ٱللَّهُ = അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നു  مِنۢ بَعۡدِ ذَٰلِكَ = അതിനു ശേഷം (ഇപ്രകാരം ശിക്ഷിച്ചശേഷം)
عَلَىٰ مَن يَشَآءُۗ = അവൻ ഇഛിക്കുന്നവരുടെ മേൽ  وَٱللَّهُ غَفُورٞ = അല്ലാഹു ഏറെ പൊറുക്കുന്നവനാകുന്നു
رَّحِيمٞ = കരുണാമയനുമാകുന്നു  يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ = അല്ലയോ സത്യവിശ്വാസികളായവരേ
إِنَّمَا ٱلۡمُشۡرِكُونَ = തീർച്ചയായും വിഗ്രഹാരാധകർ  نَجَسٞ = മാലിന്യം(അശുദ്ധർ)തന്നെയാകുന്നു
فَلَا يَقۡرَبُواْ = അതിനാൽ അവർ അടുക്കരുത്  ٱلۡمَسۡجِدَ ٱلۡحَرَامَ = മസ്ജിദുൽ ഹറാമിനോട്
بَعۡدَ عَامِهِمۡ هَٰذَاۚ = അവരുടെ ഈ വർഷത്തിനുശേഷം  وَإِنۡ خِفۡتُمۡ = നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ
عَيۡلَةٗ = ധനക്ഷയം, ദാരിദ്ര്യം, സാമ്പത്തിക മാന്ദ്യം  فَسَوۡفَ يُغۡنِيكُمُ ٱللَّهُ = അടുത്തുതന്നെ അല്ലാഹു നിങ്ങളെ സമ്പന്നരാക്കുന്നുണ്ട്
مِن فَضۡلِهِۦٓ = അവന്റെ അനുഗ്രഹത്താൽ  إِن شَآءَۚ = അവൻ ഉദ്ദേശിച്ചാൽ  إِنَّ ٱللَّهَ = നിശ്ചയം അല്ലാഹു
عَلِيمٌ = സർവജ്ഞനാകുന്നു  حَكِيمٞ = യുക്തിമാനാകുന്നു

**27:** നേരത്തെ 15-ാം സൂക്തത്തിൽ വിശദീകരിച്ച കാര്യം തന്നെയാണിത്. അതായത് വിശ്വാസികളുടെ ഈ സമരം ഒരിക്കലും നിഷ്ഫലമാകുന്നില്ല. അവരെ വേട്ടയാടിക്കൊണ്ടിരിക്കുന്ന ശത്രുഭയം ഇതുവഴി ഇല്ലാതാകും. മനസ്സിനെ മഥിക്കുന്ന അപകർഷതയും നീങ്ങിപ്പോകും. അതിനൊക്കെപ്പുറമെ ഓരോ സംഭവത്തിനു ശേഷവും അനേകമാളുകൾ തങ്ങളുടെ പൂർവ ചെയ്തികളിൽ പശ്ചാത്തപിച്ച് സത്യദീനിലേക്കു വന്നുകൊണ്ടിരിക്കുകയും ചെയ്യും. ശത്രുപക്ഷത്തുള്ള പ്രിയപ്പെട്ടവരെച്ചൊല്ലി ആശങ്കപ്പെ

ടുന്ന മുസ്‌ലിംകൾക്കുള്ള ഒരു സാന്ത്വനവും സുവിശേഷവും കൂടിയാണിത്. കരാറുകൾ ദുർബലപ്പെടുത്തി അന്ത്യശാസനം നൽകിയതിനർഥം, അന്ത്യശാസനത്തിന്റെ കാലം കഴിഞ്ഞാൽ എല്ലാവരും കൊല്ലപ്പെടുമെന്നാണെന്ന് ഭയപ്പെടുകയൊന്നുംവേണ്ട. സമരത്തിനും സംഘട്ടനത്തിനും ശേഷം നിങ്ങളുടെ പ്രിയപ്പെട്ടവരിൽ അധികമാളുകളും നിങ്ങളോടൊപ്പം ചേരുന്നതാണ്. സൂറ *അന്നസ്ർ* ഇക്കാര്യം സ്പഷ്ടമായി പ്രസ്താവിക്കുന്നുണ്ട്.

ഇസ്‌ലാമിനോട് യുദ്ധം ചെയ്തവർ പരാജയപ്പെട്ടശേഷം തങ്ങളുടെ നിലപാടിൽ പശ്ചാത്തപിക്കുകയും ഇസ്‌ലാമിനെ അംഗീകരിക്കാൻ തയാറാവുകയും ചെയ്തതിന്റെ ഉദാഹരണങ്ങളിലൊന്നാണ് ഹുനൈൻ യുദ്ധവും. ഹുനൈനിൽനിന്ന് തോറ്റോടിയ ത്വാഇഫുകാർ 20 ദിവസത്തിനുശേഷം നബി(സ)യെ സന്ദർശിച്ചു. തിരുമേനി അപ്പോൾ മക്കാ-ത്വാഇഫ് മാർഗത്തിൽ മക്കയിൽനിന്ന് ഏഴുമൈൽ അകലെയുള്ള ജഅ്റാനിലായിരുന്നു. അവർ ഇസ്‌ലാം സ്വീകരിച്ചതായി അറിയിക്കുകയും പ്രവാചകന് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) നൽകുകയും ചെയ്തു. മുസ്‌ലിം സൈന്യം തടവിലാക്കിയ തങ്ങളുടെ സ്ത്രീകളെയും കുട്ടികളെയും പിടിച്ചെടുത്ത മുതലുകളുമെല്ലാം തിരിച്ചു തരണമെന്ന് അവരപേക്ഷിച്ചു. യുദ്ധമുണ്ടാക്കിയത് അവരാണ്. യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ മുസ്‌ലിംകൾക്ക് വമ്പിച്ച ക്ഷതം നേരിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ത്വാഇഫുകാർ എത്തുന്നതിനു മുമ്പേ തടവുകാരും യുദ്ധമുതലുകളും പടയാളികൾക്കിടയിൽ വീതിക്കപ്പെടുകയും ചെയ്തിരുന്നു. സ്ത്രീകളും കുട്ടികളുമടക്കം തടവിലാക്കപ്പെട്ടവർ ആറായിരം പേരുണ്ടായിരുന്നു. 24000 ഒട്ടകങ്ങൾ; 40000ത്തിലേറെ ആടുകൾ; നാലായിരം ഊഖിയ(ഏതാണ്ട് ഔൺസിനു തുല്യമായ പരിമാണം) വെള്ളി. മുസ്‌ലിംകൾക്ക് മറ്റു യുദ്ധങ്ങളിലൊക്കെ ലഭിച്ചതിനേക്കാൾ കൂടുതലായിരുന്നു ഈ യുദ്ധമുതലുകൾ.

യുദ്ധത്തിനു കാരണക്കാരായവർ നാശനഷ്ടങ്ങൾക്ക് ഉത്തരവാദികളാകണമെന്നതുകൊണ്ടും, മുസ്‌ലിം പക്ഷത്ത് കനത്ത നഷ്ടങ്ങളുണ്ടായിട്ടുള്ളതുകൊണ്ടും യുദ്ധമുതലുകൾ തിരിച്ചു കൊടുക്കണമെന്ന ത്വാഇഫുകാരുടെ ആവശ്യം അപ്പടി അംഗീകരിക്കാനാകുമായിരുന്നില്ല. ഹുനൈൻ യുദ്ധത്തിൽ രക്തസാക്ഷികളായ മുസ്‌ലിംകളുടെ കൃത്യമായ പട്ടിക ലഭ്യമല്ല. ഹുനൈനിൽ രണ്ട് മുസ്‌ലിം ഗോത്രങ്ങൾ പൂർണമായി തുടച്ചു നീക്കപ്പെട്ടു എന്ന് പ്രസ്താവമുണ്ട്. അവരുടെ പരലോക സൗഖ്യത്തിനായി നബി(സ) പ്രാർഥിക്കുകയുണ്ടായി. പ്രവാചകൻ ത്വാഇഫുകാരോട് പറഞ്ഞു: "ഒന്നുകിൽ മുതലുകൾ, അല്ലെങ്കിൽ തടവുകാർ രണ്ടിലൊന്നു തിരിച്ചു തരും. ഇഷ്ടമുള്ളതു നിങ്ങൾക്കു തെരഞ്ഞെടുക്കാം." അവർ തടവുകാരെ തെരഞ്ഞെടുക്കുന്നതായി അറിയിച്ചു. തിരുമേനി മുസ്‌ലിംകളോട് പറഞ്ഞതായി ബുഖാരി ഉദ്ധരിക്കുന്നു: "ഇതാ ഇക്കൂട്ടർ മുസ്‌ലിംകളായിക്കൊണ്ട് നമ്മുടെ അടുത്തുവന്നിരിക്കുന്നു. അവരുടെ തടവുകാരെ, അല്ലെങ്കിൽ മുതലുകൾ; രണ്ടിലൊന്ന് തെരഞ്ഞെടുക്കാൻ നാം അവർക്ക് സ്വാതന്ത്ര്യം നൽകി. അവർ തടവുകാരെ തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ തടവുകാർ കൈവശമുള്ളവർ സന്മനസ്സോടെ വിട്ടുകൊടുക്കുന്നുവെങ്കിൽ അങ്ങനെയാവട്ടെ. അതിനു സന്നദ്ധമല്ലാത്തവൻ അവരുടെ കൈവശമുള്ള തടവുകാരെ നമുക്ക് തരേണം; നാം ഏറ്റെടുത്തു കടമായിട്ട്. ഉചിതമായ മറ്റെന്തെങ്കിലും ലഭിക്കുമ്പോൾ നാം അവർക്കതു പകരം നൽകും. മുസ്‌ലിംകൾ പ്രത്യുത്തരം നൽകി: ഞങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നു. സമ്മതിച്ചിരിക്കുന്നു. പ്രവാചകൻ പിന്നെയും പറഞ്ഞു: തൃപ്തരല്ലാത്ത വല്ലവരും നിങ്ങളിലുണ്ടോ എന്ന് നമുക്കറിഞ്ഞു കൂടാ. അതിനാൽ നിങ്ങൾ പോയി സ്വന്തം നേതാക്കളെ ഇവിടെ കൊണ്ടുവരിക. നേതാക്കളെത്തി അവരെല്ലാം തൃപ്തരാണെന്ന് അറിയിച്ചു."

തൗബ ചെയ്തെത്തിയ ശത്രുക്കളുടെ കൂട്ടത്തിൽ ത്വാഇഫ് സൈന്യത്തിന്റെ നായകനായിരുന്ന മാലിക്ബ്നു ഔഫുമുണ്ടായിരുന്നു. നബി(സ) അദ്ദേഹത്തെ മാന്യമായി സ്വീകരിച്ചു. യുദ്ധമുതലിൽനിന്ന് നൂറ് ഒട്ടകങ്ങൾ അദ്ദേഹത്തിന് ദാനമായി നൽകുകയും ചെയ്തു.

**28:** ഹി. 9-ാം ആണ്ട് ഹജ്ജു വേളയിൽ നടത്തിയ വിളംബരത്തിലെ അവസാനത്തെ ഉത്തരവാണിത്. مُشْرِكُونَ എന്നതുകൊണ്ട് നേർക്കുനേരെ ഉദ്ദേശിക്കപ്പെട്ടത് അറേബ്യയിലെ വിഗ്രഹാരാധകരാണെങ്കിലും സത്യധർമങ്ങളെ നിഷേധിക്കുന്ന എല്ലാവരും അതിന്റെ അർഥ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. അതിനാൽ വേദക്കാരടക്കം ഇസ്‌ലാമിനെ അംഗീകരിക്കാത്തവരാരും മസ്ജിദുൽ ഹറാമിൽ പ്രവേശിക്കാൻ പാടില്ല എന്നാണ് പണ്ഡിതന്മാർ പൊതുവിൽ ഇതിനർഥം കൽപിച്ചിട്ടുള്ളത്. ഈ കൽപന വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് പറയുന്നതിനാൽ, അവിശ്വാസികൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കാൻ ശ്രമിച്ചാൽ തടയേണ്ടത് വിശ്വാസികളുടെ ബാധ്യതയാണെന്നും വരുന്നു.

അവിശ്വാസികൾക്ക് മസ്ജിദുൽ ഹറാം വിലക്കുന്നതിനുള്ള കാരണമായി പറയുന്നത് അവർ نَجَسٌ ആകുന്നു എന്നതാണ്. ശുദ്ധിയുടെ(نظافة) അഭാവമാണ് نَجَسٌ. അശുദ്ധി, മാലിന്യം, മ്ലേഛം തുടങ്ങിയ അർഥങ്ങളിൽ ഇതുപയോഗിക്കാറുണ്ട്. കർമശാസ്ത്രത്തിന്റെ സാങ്കേതിക ഭാഷയിൽ "ശുദ്ധീകരിക്കൽ നിർബന്ധമായതെന്തോ അതാണ് نَجَسٌ." ഇതനുസരിച്ച് വിസർജ്യങ്ങൾ പോലെ അറപ്പുളവാക്കുന്ന വസ്തുക്കളും, മദ്യം പോലുള്ള അതല്ലാത്ത വസ്തുക്കളും نَجَسٌ ആകുന്നു. സാധാരണ അർഥത്തിലുള്ള نَجَسٌ രണ്ടു തരമുണ്ട്; ഭൗതികവും ആത്മീയവും. വെടിപ്പില്ലാത്തതായി തോന്നുന്ന എല്ലാ വസ്തുക്കളും അത് ശുദ്ധീകരിക്കാൻ ശരീഅത്ത് കൽപിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഭൗതികമായ نَجَسٌ ആണ്. വികലവും വികൃതവുമായ ശീലങ്ങൾ, സ്വഭാവങ്ങൾ, ചിന്തകൾ, കാപട്യം, കുടിലത, ഉത്തരവാദിത്വ ബോധമില്ലായ്മ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ മുതലായതെല്ലാം ആത്മീയമായ അല്ലെങ്കിൽ ധാർമികമായ نَجَسٌകളാണ്. ഒരു വ്യക്തിയെയോ സമൂഹത്തെയോ نَجَسٌ എന്ന് വിശേഷിപ്പിക്കുമ്പോൾ അതിനർഥം, മനഃശുദ്ധിയില്ലാത്തവർ അല്ലെങ്കിൽ ദുഷ്ടമനസ്സുള്ള പ്രാകൃതർ എന്നാകുന്നു. വിഗ്രഹാരാധകർ അല്ലാഹുവിന്റെ മസ്ജിദുകൾ പരിപാലിക്കാനോ അതിൽ ആരാധന നടത്താനോ യോഗ്യരല്ലെന്നും, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും മുറപ്രകാരം നമസ്കരിക്കുകയും സകാത്തു കൊടുക്കുകയും അല്ലാഹുവിനെ മാത്രം ഭയപ്പെടുകയും ചെയ്യുന്നവർക്കു മാത്രമേ അതിനവകാശമുള്ളൂ എന്നും നേരത്തെ 17,18 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പറഞ്ഞ വിശ്വാസങ്ങളുടെ അഭാവത്തെയാണ് ഇവിടെ نَجَسٌ എന്നു വിളിച്ചിരിക്കുന്നത്. വിഗ്രഹാരാധകരുടെ ശരീരമോ വസ്ത്രമോ വൃത്തിയില്ലാത്തതാണ് എന്ന് ഇതിനർഥമില്ല.

بَعْدَ عَامِهِمْ هَٰذَا (അവരുടെ ഈ വർഷത്തിനുശേഷം) എന്ന വാക്യത്തിന്റെ താൽപര്യം, അവർ ഈ ഉത്തരവു കേൾക്കുന്ന നടപ്പു വർഷത്തിന്, അതായത് ഹി. 9-ാം ആണ്ടിനു ശേഷം എന്നാണ്.

ജീവിതാവശ്യങ്ങൾ നിവർത്തിക്കാൻ പരാശ്രയം വേണ്ടിവരുന്ന അവസ്ഥയെ കുറിക്കുന്ന പദമാണ് عَيْلَةً. ദാരിദ്ര്യം, നിസ്വത എന്നീ അർഥങ്ങളിലും ഇത് ഉപയോഗിക്കാറുണ്ട്. കച്ചവടമാന്ദ്യവും ഉപജീവനത്തിന്റെ ഞെരുക്കവുമാണ് ഇവിടെ ഉദ്ദേശ്യം.

ജാഹിലിയ്യാ കാലത്ത് വലിയൊരു മതചടങ്ങ് എന്ന മാനത്തെപ്പോലെ തന്നെ സുപ്രധാനമായിരുന്നു അതിന്റെ വ്യാപാര മേള എന്ന മാനവും. ഹജ്ജ് സീസണിൽ നാനാദിക്കുകളിൽ നിന്നുള്ള ചരക്കുകൾ മക്കയിലെത്തുകയും ആളുകൾ അതുവാങ്ങിക്കൊണ്ടുപോവുകയും ചെയ്തിരുന്നു. ഋതുഭേദങ്ങൾ ഹജ്ജ് കച്ചവടത്തെ ബാധിക്കാതിരിക്കാൻ, വ്യാപാരാനുകൂലമല്ലാത്ത കാലാവസ്ഥയിൽ വരുന്ന ഹജ്ജിനെ അനുകൂല കാലാവസ്ഥയിലേക്ക് മാറ്റി വെക്കുന്നതിന് ഖുറൈശികൾ 'നസീഉ്' എന്ന പേരിൽ ഒരു ചട്ടം ആവിഷ്കരിച്ചിരുന്നു. ഹജ്ജിന്റെ വ്യാപാര മുഖത്തിന് അവർ കൽപിച്ചിരുന്ന പ്രാധാന്യത്തെയാണിത് വെളിപ്പെടുത്തുന്നത്. വിഗ്രഹാരാധകർ മേലിൽ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കാൻ പാടില്ല എന്ന് ഇസ്‌ലാം കൽപിച്ചപ്പോൾ, ഈ കൽപന തങ്ങളുടെ സമ്പദ്ഘടനയെ തകർത്തു കളയുമെന്ന് മുസ്‌ലിംകൾ പൊതുവിലും കച്ചവടത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന ഖുറൈശികൾ വിശേഷിച്ചും ഭയപ്പെട്ടു. അവരെ സമാധാനിപ്പിച്ചുകൊണ്ട് പറയുകയാണ്: "വിഗ്രഹാരാധകർക്ക് മസ്ജിദുൽ ഹറാമിൽ പ്രവേശനം നിഷേധിച്ചാൽ കച്ചവടം തകർന്ന് ജീവിതം വഴിമുട്ടിപ്പോകുമെന്നൊന്നും പേടിക്കേണ്ട. അല്ലാഹു ഉദ്ദേശിച്ചാൽ താമസംവിനാ അവൻ നിങ്ങളെ സമ്പന്നരാക്കും." يُغۡنِيكُمُ എന്നാണ് മൂലവാക്ക്. غَنِى യിൽനിന്നുള്ള സകർമകക്രിയയാണ് يغني. പരാശ്രയം വേണ്ടാത്ത, സ്വയം പര്യാപ്തമായ അവസ്ഥയാണ് غَنِى. ഐശ്വര്യം, സമൃദ്ധി എന്ന അർഥത്തിലും ഇതുപയോഗിക്കുന്നു. ആദ്യം പറഞ്ഞ عَيۡلَةً ന്റെ വിപരീതമാണ് ഇവിടെ غَنِى. താമസിയാതെ നിങ്ങൾക്ക് غَنِى നൽകും എന്ന അല്ലാഹുവിന്റെ വാഗ്ദാനം അന്നുമുതൽ ഇന്നുവരെ അക്ഷരാർഥത്തിൽ പുലർന്നുവരുന്നു. വിഗ്രഹാരാധകർ ഹജ്ജിനു വരാത്തതിന്റെ പേരിൽ മക്കയിലെ വ്യാപാരത്തിന് ഒരിക്കലും ഒരു കുറവുമുണ്ടായിട്ടില്ല. ഇപ്പോഴും ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള ഉൽപന്നങ്ങൾ മക്കയിലെത്തുകയും അവിടെനിന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് പോവുകയും ചെയ്തുകൊണ്ടിരിക്കുന്നു. പിൽക്കാലത്ത് ഇസ്‌ലാമിക സമൂഹം വികസിച്ചതിനെ തുടർന്ന് ശാം, ഈജിപ്ത് തുടങ്ങിയ ദേശങ്ങളിൽനിന്ന് വൻതോതിൽ സകാത്തു മുതലുകളും യുദ്ധ മുതലുകളും എത്തിക്കൊണ്ടിരുന്നതിനെ സംബന്ധിച്ച പ്രവചനമാണ് ഈ വാക്യമെന്നും വ്യാഖ്യാനമുണ്ട്.

ഇവിടെ അവൻ ഉദ്ദേശിച്ചാൽ (إِن شَآءَ) എന്ന വാക്ക് ഒരു യാഥാർഥ്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്: നിങ്ങൾ ഇഛിക്കുന്നതനുസരിച്ചല്ല കാര്യങ്ങൾ നടക്കുന്നത്. എല്ലാം അല്ലാഹുവിന്റെ ഇഛയെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾക്ക് ഇപ്പോഴുള്ള വ്യാപാരവും അതുവഴിയുള്ള ഐശ്വര്യവുമൊക്കെ അവന്റെ ഇഛാനുസാരം ലഭിച്ചിട്ടുള്ളതാണ്. അതുപോലെ അവനുദ്ദേശിച്ചാൽ ഇനിയും നിങ്ങളെ സമ്പന്നരാക്കാൻ ഒരു പ്രയാസവുമില്ല. നിങ്ങൾ കണക്കുകൂട്ടാത്ത ഭൗതികോപാധികളൊന്നുമില്ലെങ്കിലും അവന്റെ ഇഛ നടക്കുക തന്നെ ചെയ്യും. അല്ലാഹുവിന്റെ ഇഛയാകട്ടെ തികച്ചും യുക്തിയുക്തവും ജ്ഞാനത്തിലധിഷ്ഠിതവുമാകുന്നു എന്നാണ് തുടർന്നുള്ള إِنَّ ٱللَّهَ عَلِيمٌ حَكِيمٌ എന്ന വാക്യത്തിന്റെ താൽപര്യം. അതുകൊണ്ട് വിശ്വാസികൾ അല്ലാഹുവിന് സ്വയം സമർപ്പിക്കണം. ഇസ്‌ലാം ഏറ്റവും ഉന്നതമായി പരിഗണിക്കുന്നത് ആത്മീയവും ഈമാനികവുമായ മൂല്യങ്ങളാകുന്നു എന്നാണ് ഈ സൂക്തം സൂചിപ്പിക്കുന്ന മറ്റൊരാശയം. രാഷ്ട്രീയ-സാമൂഹിക താൽപര്യങ്ങളെല്ലാം അതിന്റെ വഴിയേ വരൂ. ഈമാനിക മൂല്യങ്ങൾക്കുവേണ്ടി അത്തരം താൽപര്യങ്ങളെയൊക്കെ ബലികഴിക്കാം. എന്നാൽ ഉദരത്തിനും ദേഹത്തിനും വേണ്ടി ഈമാൻ ബലികഴിക്കപ്പെടാവതല്ല.

വിഗ്രഹാരാധകർക്ക് വിലക്കപ്പെട്ട മസ്ജിദുൽ ഹറാം കൊണ്ടുദ്ദേശ്യം ഹറം പ്രദേശം മുഴുവനുമാകുന്നു എന്നാണ് ശാഫിഈ-ഹമ്പലീ മദ്ഹബുകൾ. കഅ്ബ സ്ഥിതിചെയ്യുന്ന മസ്ജിദുൽ ഹറാം എന്ന പള്ളിയിൽ മാത്രമേ പ്രവേശനത്തിനു വിലക്കുള്ളൂ എന്നാണ് മാലികി മദ്ഹബ്. 'മസ്ജിദുൽ ഹറാമിനോട് അടുക്കരുത്' എന്ന വാക്യം മസ്ജിദുൽ ഹറാം എന്ന പള്ളിയെ മാത്രമേ കുറിക്കുന്നുള്ളൂ എന്നാണവരുടെ വാദം. മസ്ജിദുൽ ഹറാം ഒഴിച്ചുള്ള ഹറമിന്റെ ഭാഗങ്ങളിൽ മൂന്നുദിവസം വരെ അമുസ്‌ലിംകൾക്ക് താമസം അനുവദിക്കാം. സർക്കാറുമായി ബന്ധപ്പെട്ട ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി ആവശ്യമായത്രകാലം താമസിക്കാവുന്നതാണ്. ഇതാണ് മാലിക്കികളുടെ നിലപാട്. ശാഫിഈ-ഹമ്പലി മദ്ഹബുകൾ പ്രകാരം യാതൊരു കാരണവശാലും അമുസ്‌ലിമിന് ഹറമിന്റെ അതിർത്തിയിൽ പ്രവേശിക്കാവതല്ല. അയാൾ ഭരണാധികാരിക്ക് വല്ല സന്ദേശവുമായി വന്നതാണെങ്കിൽ, ഭരണാധികാരി ഹറമിന്റെ അതിർത്തിക്കപ്പുറം ചെന്ന് അയാളിൽനിന്നതു സ്വീകരിക്കണം. ഹനഫി മദ്ഹബ് പ്രകാരം സർക്കാറിന്റെ അനുമതിയോടെ അമുസ്‌ലിമിന് മൂന്നുദിവസം ഹറമിൽ താമസിക്കാവുന്നതാണ്. അവരുടെ ദൃഷ്ടിയിൽ മുശ്‌രിക്കുകൾ മസ്ജിദുൽ ഹറാമിനോടടുക്കരുത് എന്നു പറഞ്ഞതിന്, അവർ ഹജ്ജിനും ഉംറക്കും വരരുത് എന്നേ അർഥമുള്ളൂ.

മസ്ജിദുൽ ഹറാമിൽ വിഗ്രഹാരാധകർ പ്രവേശിക്കരുത് എന്ന വിലക്ക് എല്ലാ പള്ളികളുടെ കാര്യത്തിലും സാധുവാകുന്നു എന്നാണ് മാലികി മദ്ഹബ്. ന്യായമായ കാരണമുണ്ടെങ്കിൽ മാത്രമേ ഏതു പള്ളിയിലും അമുസ്‌ലിംകൾക്ക് പ്രവേശനമനുവദിക്കാവൂ. ശാഫിഈകളുടെ വീക്ഷണത്തിൽ മസ്ജിദുൽ ഹറാം ഒഴിച്ചുള്ള പള്ളികളിൽ അമുസ്‌ലിംകൾക്ക് പ്രവേശനമനുവദിക്കുന്നതിന് വിരോധമില്ല. ഹനഫികളുടെ നിലപാടാവട്ടെ, ബഹുദൈവവിശ്വാസികൾക്കും വിഗ്രഹാരാധകർക്കും മാത്രമേ മസ്ജിദുൽ ഹറാം തന്നെയും വിലക്കപ്പെട്ടിട്ടുള്ളൂ; വേദക്കാർക്ക് ഈ വിലക്കില്ല. ഹറമിന്റെ പള്ളിയല്ലാത്ത ഭാഗങ്ങളിൽ വേദക്കാർക്കെന്ന പോലെ വിഗ്രഹാരാധകർക്കും പ്രവേശിക്കാം. പ്രകൃത സൂക്തം നിരോധിക്കുന്നത് വിഗ്രഹാരാധകരുടെ ഹജ്ജിനെയും ഉംറയെയുമാണ്. ■